©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, തിങ്കൾ<br>Thiruvananthapuram, Monday | 2018 ഫെബ്രുവരി 12<br>12th February 2018<br>1193 മകരം 29<br>29th Makaram 1193<br>1939 മാഘം 23<br>23rd Magha 1939 | നമ്പർ<br>No. | 348 |

## കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-ബി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 26798/ലെഗ്.ബി2/2017/നിയമം.

*തിരുവനന്തപുരം, 2018 ഫെബ്രുവരി 12 / 1193 മകരം 29 / 1939 മാഘം 23.*

2018 ഫെബ്രുവരി 12-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെപ്പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,
*നിയമ സെക്രട്ടറി.*

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.

33/571/2018/S-13.

**2018-ലെ 13-ാം നമ്പർ ഓർഡിനൻസ്**

# 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

## 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

## ഒരു

## ഓർഡിനൻസ്

<u>പീഠിക</u>.—2017-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് (2017-ലെ 41) 2017 ഡിസംബർ 30-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2018 ജനുവരി 22-ാം തീയതി ആരംഭിച്ച് 2018 ഫെബ്രുവരി 7-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

പ്രസ്തുത ഓർഡിനൻസിന് ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം 2018 മാർച്ച് 5-ാം തീയതി പ്രാബല്യമില്ലാതായിത്തീരുമെന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്താതിരിക്കുന്ന പക്ഷം വൈഷമ്യങ്ങൾ ഉണ്ടാകുമെന്നതിനാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് 2017 ഡിസംബർ 30-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2008-ലെ 28-ാം ആക്റ്റ് താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്.—ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലത്ത്, 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിന് (2008-ലെ 28) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3 മുതൽ 16 വരെ വകുപ്പുകളിൽ പരാമർശിച്ചിരിക്കുന്ന ഭേദഗതികൾക്ക് വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

3. 2-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ,—

(i) (i)-ാം ഖണ്ഡം (iഎ) ഖണ്ഡമായി പുനരക്കമിടേണ്ടതും, അപ്രകാരം പുനരക്കമിട്ട (iഎ) ഖണ്ഡത്തിന് മുമ്പായി താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാണ്, അതായത്:—

"(i) "വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം" എന്നാൽ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവം, സ്ഥിരമായും സാധാരണ മാർഗ്ഗങ്ങളിലൂടെ പൂർവ്വസ്ഥിതിയിലാക്കാൻ സാദ്ധ്യമല്ലാത്തതുമായ വിധത്തിൽ വ്യതിയാനം വരുത്തുന്നതോ വ്യതിയാനം വരുത്തിയിട്ടുള്ളതോ ആയ പ്രവൃത്തിയോ തുടർപ്രവൃത്തികളോ എന്നർത്ഥമാകുന്നു;";

(ii) (vi)-ാം ഖണ്ഡത്തിൽ "നെൽവയലിലേക്കും" എന്ന വാക്കിന് ശേഷം "അല്ലെങ്കിൽ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിലേക്കും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (vi)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(vi എ) "ന്യായവില" എന്നാൽ, 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിന്റെ (1959-ലെ 17) 28എ വകുപ്പ് പ്രകാരം നിശ്ചയിച്ചിട്ടുള്ള, ഭൂമിയുടെ ന്യായവില എന്നും അല്ലെങ്കിൽ ഭൂമിയുടെ ന്യായവില നിശ്ചയിച്ചിട്ടില്ലാത്തിടത്ത്, സമാനമായതും സമാനമായി സ്ഥിതിചെയ്യുന്നതുമായ ഭൂമിയുടെ ന്യായവില എന്നും അർത്ഥമാകുന്നു;

(vi ബി) "ഫണ്ട്" എന്നാൽ, 27ഡി വകുപ്പ് പ്രകാരം രൂപീകരിക്കുന്ന വികസന ഫണ്ട് എന്നർത്ഥമാകുന്നു;";

(iv) (xiv)-ാം ഖണ്ഡത്തിൽ "പദ്ധതികളുടെയും" എന്ന വാക്കിന് പകരം "പദ്ധതികളുടെയും പ്രോജക്റ്റുകളുടെയും" എന്ന വാക്കുകളും "സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മറ്റു പദ്ധതികളുടെയും" എന്ന വാക്കുകൾക്ക് പകരം "അല്ലെങ്കിൽ സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മറ്റു പദ്ധതികളുടെയും പ്രോജക്റ്റുകളുടെയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(v) (xvii)-ാം ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(xvii എ) "വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി" എന്നാൽ, സമിതിയുടെ അധികാരിത പ്രദേശത്ത് സ്ഥിതിചെയ്യുന്നതും വില്ലേജ് ഓഫീസുകളിൽ സൂക്ഷിക്കുന്ന അടിസ്ഥാന നികുതി രജിസ്റ്ററിൽ നെൽവയലായോ തണ്ണീർത്തടമായോ ഉൾപ്പെടുത്തിയിട്ടുള്ളതും എന്നാൽ 5-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം നെൽവയലായോ തണ്ണീർത്തടമായോ വിജ്ഞാപനം ചെയ്യപ്പെടാത്തതുമായ ഭൂമി എന്നർത്ഥമാകുന്നു;

(xvii ബി) "ജലസംരക്ഷണ നടപടികൾ" എന്നാൽ ടാങ്കുകൾ, ജലസംഭരണികൾ, കുഴികൾ, ട്രെഞ്ചുകൾ, കുളങ്ങൾ എന്നിവ ഉൾപ്പെടെ, ഭൂമിയുടെ ഉപരിതലത്തിലോ ഭൂമിക്കടിയിലോ ഉള്ള, ആവരണം ചെയ്യപ്പെട്ടതോ അല്ലാത്തതോ ആയ മഴവെള്ള സംഭരണ നിർമ്മിതികൾ അല്ലെങ്കിൽ മഴവെള്ളമോ, സമീപത്തെ നെൽവയലുകളിലേക്കും ജലനിർഗ്ഗമന ചാലുകളിലേക്കും ഉള്ള സുഗമമായ നീരൊഴുക്കിന് തടസ്സം സൃഷ്ടിക്കാത്ത രീതിയിൽ നെൽവയലിലൂടെയോ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിലൂടെയോ ഒഴുകുന്ന ജലമോ, സംഭരിക്കുന്നതിനുള്ള മറ്റ് ഏതെങ്കിലും നിർമ്മിതിയോ എന്നർത്ഥമാകുന്നതും അവ ഉൾപ്പെടുന്നതുമാകുന്നു;".

4. 5-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 5-ാം വകുപ്പിൽ,—

(1) (3)-ാം ഉപവകുപ്പിൽ, (i) ഇനത്തിന് പകരം താഴെ പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(i) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, നെൽവയലിന്റെ ഉടമസ്ഥന് വീട് വെയ്ക്കുന്നതിനുവേണ്ടി, നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിന് ജില്ലാതല അധികൃത സമിതിക്ക് ശുപാർശ നൽകുക:

എന്നാൽ, നെൽവയലിന്റെ ഉടമസ്ഥന് വീട് വെയ്ക്കുന്നതിനുവേണ്ടി, അതതുസംഗതിപോലെ, പഞ്ചായത്തിൽ പത്തും അല്ലെങ്കിൽ മുനിസിപ്പാലിറ്റി/ കോർപ്പറേഷനിൽ അഞ്ചും സെന്റിൽ കൂടുതൽ നെൽവയൽ നികത്തുന്നതിന് സമിതി ശുപാർശ ചെയ്യുവാൻ പാടുള്ളതല്ല.

(i എ) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, പൊതു ആവശ്യത്തിലേക്കായി, നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിനായി, അപേക്ഷ ലഭിച്ച തീയതി മുതൽ ഒരു മാസത്തിനകം സംസ്ഥാനതല സമിതിക്ക് റിപ്പോർട്ട് ചെയ്യുക:

എന്നാൽ, അപ്രകാരമുള്ള രൂപാന്തരപ്പെടുത്തൽ ചേർന്നുകിടക്കുന്ന നെൽവയലുകളിലെ കൃഷിയെ എപ്രകാരം ബാധിക്കുമെന്നും ചേർന്നുകിടക്കുന്ന നെൽവയലുകൾ, ഏതെങ്കിലും ഉണ്ടെങ്കിൽ, അതിലേക്കുള്ള സുഗമമായ നീരൊഴുക്ക് ഉറപ്പുവരുത്തുവാൻ സ്വീകരിക്കേണ്ട നടപടികളും, ആവശ്യമായി വരുന്നിടത്തെല്ലാം സ്വീകരിക്കേണ്ട അനുയോജ്യമായ ജലസംരക്ഷണ നടപടികളും, അപേക്ഷകൻ അപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ട പ്രദേശവും പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കേണ്ടതാണ്.

(ഐബി) യോഗ്യത നേടിയ സർവ്വേയറോ വില്ലേജ് ഓഫീസറോ, യഥാവിധി തയ്യാറാക്കിയ, നികത്തുന്നതിന് അനുമതി ആവശ്യപ്പെട്ടിട്ടുള്ള നെൽവയലിലെ ഓരോ സർവ്വേ നമ്പരിലുമുള്ള ഭൂമിയുടെ വിസ്തീർണ്ണം സൂചിപ്പിച്ചുകൊണ്ടുള്ള രൂപാന്തരപ്പെടുത്താനുദ്ദേശിക്കുന്ന ഭൂമിയുടെ സ്കെച്ച് സഹിതം, അപേക്ഷ സമർപ്പിക്കാത്തപക്ഷം, സമിതി ഈ ഉപവകുപ്പിന്റെ (i)-ാം ഇനമോ (iഎ) ഇനമോ പ്രകാരമുള്ള ശുപാർശയോ റിപ്പോർട്ടോ നൽകുവാൻ പാടുള്ളതല്ല.":

(2) (4)-ാം ഉപവകുപ്പിൽ, (iv)-ാം ഇനം വിട്ടുകളയേണ്ടതാണ്.

5. 8-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 8-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിന് പകരം, താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(3) പൊതു ആവശ്യത്തിനായി നിലം നികത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ സമിതി സമർപ്പിച്ച ഓരോ റിപ്പോർട്ടും, സംസ്ഥാനതല സമിതി വിശദമായി പരിശോധിക്കേണ്ടതും, അപ്രകാരം രൂപാന്തരപ്പെടുത്തുന്നത് ചേർന്നുകിടക്കുന്ന നെൽവയലുകളിലെ കൃഷിയെ എപ്രകാരം ബാധിക്കുമെന്നത് സംബന്ധിച്ചും, ചേർന്നുകിടക്കുന്ന നെൽവയലുകളിലേക്ക് ജലം സുഗമമായി ഒഴുകിപ്പോകുന്നത് ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ചും വിശദമായി പരിശോധിക്കേണ്ടതും, അപേക്ഷകൻ സ്വീകരിക്കേണ്ട അനുയോജ്യമായ ജലസംരക്ഷണ നടപടികളെ സംബന്ധിച്ചും അപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ട പ്രദേശത്തെ സംബന്ധിച്ചുമുള്ള ശുപാർശ സഹിതം ഒരു റിപ്പോർട്ട്, സമിതിയുടെ റിപ്പോർട്ട് ലഭിച്ച തീയതി മുതൽ രണ്ടുമാസങ്ങൾക്കകം സർക്കാരിന് നൽകേണ്ടതുമാണ്.

(4) സംസ്ഥാനതല സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്നതിൻമേൽ, നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിന് അനുവാദം നൽകിക്കൊണ്ട് സർക്കാർ പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവിലും, അനുമതി നൽകിയിട്ടുള്ള ഭൂമിയുടെ സർവ്വേ നമ്പരും, ഓരോ സർവ്വേ നമ്പരിലുമുള്ള ഭൂമിയുടെ വിസ്തീർണ്ണവും, അപേക്ഷകൻ ജലസംരക്ഷണ നടപടികൾ സ്വീകരിക്കേണ്ട ഭൂമിയുടെ സർവ്വേ നമ്പരും അതിന്റെ വിസ്തീർണ്ണവും വ്യക്തമായി സൂചിപ്പിക്കേണ്ടതും മേൽപ്പറഞ്ഞ വിശദാംശങ്ങൾ സൂചിപ്പിച്ചുകൊണ്ടുള്ള അപ്രകാരമുള്ള ഭൂമിയുടെ ഒരു സ്കെച്ച് ഉത്തരവിനോടൊപ്പം ഉണ്ടായിരിക്കേണ്ടതുമാണ്.".

6. <u>9-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 9-ാം വകുപ്പിൽ, (8)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(9) (5)-ാം ഉപവകുപ്പ് പ്രകാരം ജില്ലാതല അധികൃത സമിതിയോ (7)-ാം ഉപവകുപ്പ് പ്രകാരം ജില്ലാ കളക്ടറോ പുറപ്പെടുവിക്കുന്ന ഉത്തരവിൽ, അനുമതി നൽകപ്പെട്ട ഭൂമിയുടെ സർവ്വേ നമ്പരും, ഓരോ സർവ്വേ നമ്പരിലുമുള്ള ഭൂമിയുടെ വിസ്തീർണ്ണവും വ്യക്തമായി സൂചിപ്പിക്കേണ്ടതും അപ്രകാരമുള്ള ഭൂമിയുടെ മേൽപ്പറഞ്ഞ വിശദാംശങ്ങൾ സൂചിപ്പിച്ചുകൊണ്ടുള്ള ഒരു സ്കെച്ച് ഉത്തരവിനോടൊപ്പം ഉണ്ടായിരിക്കേണ്ടതുമാണ്.".

7. <u>10-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ.</u>—പ്രധാന ആക്റ്റിൽ, 10-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"10. <u>ഒഴിവാക്കിക്കൊടുക്കുന്നതിന് സർക്കാരിനുള്ള അധികാരം.</u>—(1) 3-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന് അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ, പൊതു ആവശ്യത്തിന് അത്യന്താപേക്ഷിതമാണെങ്കിൽ, ഈ ആക്റ്റിലെ വ്യവസ്ഥകളിൽനിന്നും ഒഴിവാക്കിക്കൊടുക്കാവുന്നതും, അത് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുമാണ്.

(2) സർക്കാരിന്, സംസ്ഥാനതല സമിതിയുടെ റിപ്പോർട്ട് പരിഗണിച്ചതിനുശേഷം, അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ ചേർന്നുകിടക്കുന്ന നെൽവയലിലെ നെൽക്കൃഷി, ഏതെങ്കിലും ഉണ്ടെങ്കിൽ, അതിനെയോ അതിലേക്കുള്ള സുഗമമായ നീരൊഴുക്കിനെയോ പ്രതികൂലമായി ബാധിക്കുകയില്ല എന്ന് അഭിപ്രായമുള്ളപക്ഷം, അപ്രകാരമുള്ള ഒഴിവാക്കൽ അനുവദിക്കാവുന്നതാണ്:

എന്നാൽ, ഒഴിവാക്കൽ അനുവദിക്കപ്പെട്ട ഭൂമിയിൽ ആവശ്യമായ അനുയോജ്യ ജലസംരക്ഷണ നടപടികൾ അപേക്ഷകൻ സ്വീകരിച്ചിട്ടുണ്ട് എന്ന് സർക്കാർ ഉറപ്പുവരുത്തേണ്ടതാണ്:

എന്നുമാത്രമല്ല, ഒഴിവാക്കൽ അനുവദിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം 20.2 ആറിൽ അധികമാണെങ്കിൽ, അപ്രകാരമുള്ള ഭൂമിയുടെ പത്ത് ശതമാനം ജലസംരക്ഷണ നടപടികൾക്കായി നീക്കിവയ്ക്കേണ്ടതാണ്.

(3) ഒഴിവാക്കൽ അനുവദിക്കപ്പെട്ട ഭൂമിയുടെ സർവ്വേ നമ്പരും ഓരോ സർവ്വേ നമ്പരിലുമുള്ള ഭൂമിയുടെ വിസ്തീർണ്ണവും, അപേക്ഷകൻ ജലസംരക്ഷണ നടപടികൾ സ്വീകരിക്കേണ്ട ഭൂമിയുടെ സർവ്വേ നമ്പരും വിസ്തീർണ്ണവും, സർക്കാരിന്റെ തീരുമാനത്തിൽ വ്യക്തമായി സൂചിപ്പിക്കേണ്ടതും, മേൽപ്പറഞ്ഞ വിശദാംശങ്ങൾ സൂചിപ്പിച്ചുകൊണ്ട്, അപ്രകാരമുള്ള ഭൂമിയുടെ ഒരു സ്കെച്ച് ഉത്തരവിനോടൊപ്പം ഉണ്ടായിരിക്കേണ്ടതുമാണ്.

(4) സർക്കാരിന്, 8-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയ സമയപരിധിക്കകം സംസ്ഥാനതല സമിതിയിൽ നിന്നും റിപ്പോർട്ട് ലഭിക്കാത്തപക്ഷം, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് അധികാരസ്ഥാനത്തുനിന്നും റിപ്പോർട്ട് ആവശ്യപ്പെടാവുന്നതും, ഒഴിവാക്കൽ അനുവദിച്ചുകൊണ്ടോ നിരസിച്ചുകൊണ്ടോ രേഖാമൂലം ഒരു ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്.

(5) ഒഴിവാക്കൽ അനുവദിച്ചുകൊണ്ടുള്ള ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള ഉപാധികൾ അപേക്ഷകൻ പൂർണ്ണമായോ ഭാഗികമായോ പാലിച്ചിട്ടില്ലാത്തപക്ഷം, സർക്കാരിന്, ഈ വകുപ്പുപ്രകാരമുള്ള ഏതൊരു ഉത്തരവും, സ്വമേധയായോ അല്ലെങ്കിൽ സങ്കടമനുഭവിക്കുന്ന ഏതെങ്കിലും കക്ഷിയുടെ അപേക്ഷയിൻമേലോ, റദ്ദാക്കാവുന്നതാണ്.

(6) (5)-ാം ഉപവകുപ്പ് പ്രകാരമുള്ള യാതൊരു റദ്ദാക്കൽ ഉത്തരവും ഈ വിഷയത്തിൽ അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ സർക്കാർ പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.".

8. 12-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 12-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ, (സി) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(സി) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഉപയോഗിച്ചതോ ഉപയോഗിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും യാനമോ വാഹനമോ മറ്റ് വാഹനസൗകര്യങ്ങളോ അല്ലെങ്കിൽ ഏതെങ്കിലും ഉപകരണങ്ങളോ പിടിച്ചെടുക്കാവുന്നതും അല്ലെങ്കിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി, നെൽവയലിൽനിന്നോ തണ്ണീർത്തടത്തിൽനിന്നോ നീക്കംചെയ്യപ്പെട്ടതോ അല്ലെങ്കിൽ നെൽവയലോ തണ്ണീർത്തടമോ നികത്തുവാൻ ഉപയോഗിക്കുന്നതോ ആയ ഏതെങ്കിലും കളിമണ്ണ്, മണൽ, മണ്ണ് മുതലായവ പിടിച്ചെടുക്കാവുന്നതും അവ കണ്ടുകെട്ടുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിനായി കളക്ടർക്ക് ഒരു റിപ്പോർട്ട് അയയ്ക്കേണ്ടതും;".

9. 13-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 13-ാം വകുപ്പിൽ,—

(i) നിലവിലുള്ള വ്യവസ്ഥ അതിന്റെ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും, പ്രസ്തുത ഉപവകുപ്പിലെ "കളക്ടർ" എന്ന വാക്കിനു പകരം "ജില്ലാകളക്ടർ" എന്ന വാക്ക് ചേർക്കേണ്ടതുമാണ്;

(ii) അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) നെൽവയലോ തണ്ണീർത്തടമോ പൂർവ്വസ്ഥിതിയിലാക്കുന്നതിനു വേണ്ടിയുള്ള തീരുമാനമെടുക്കുന്നിടത്ത്, ജില്ലാകളക്ടർക്ക്, അപ്രകാരം പൂർവ്വസ്ഥിതിയിലാക്കുന്ന പ്രക്രിയയിൽ, നെൽവയലിൽനിന്നോ തണ്ണീർത്തടത്തിൽനിന്നോ നീക്കം ചെയ്യപ്പെട്ട കളിമണ്ണ്, മണൽ, മണ്ണ് മുതലായവ കയ്യൊഴിക്കുന്നതിന്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഏതൊരു നടപടിയും സ്വീകരിക്കാവുന്നതും, അപ്രകാരം ലഭിക്കുന്ന തുക ഫണ്ടിലേക്ക് അടപ്പിക്കേണ്ടതുമാണ്.".

10. 14-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 14-ാം വകുപ്പിൽ, "തണ്ണീർത്തടത്തിലോ" എന്ന വാക്കിന് ശേഷം "വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിലോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

11. 16–ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 16–ാം വകുപ്പിൽ,—

(1) (2)-ാം ഉപവകുപ്പിന് പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) (1)-ാം ഉപവകുപ്പ് പ്രകാരം ഒരു കത്ത് ലഭിക്കുന്നതിൻമേൽ, അപ്രകാരമുള്ള കത്ത് ലഭിച്ച തീയതി മുതൽ പതിനഞ്ച് ദിവസങ്ങൾക്കകം, നെൽവയലിന്റെ അനുഭവക്കാരൻ അനുമതി നൽകികൊണ്ടോ അത് നിഷേധിച്ചുകൊണ്ടോ, രേഖാമൂലം മറുപടി നൽകേണ്ടതാണ്.".

(2) (3)-ാം ഉപവകുപ്പിൽ "നിശ്ചിത കാലയളവിലേക്ക്" എന്ന വാക്കുകൾക്ക് പകരം "ഒരു പ്രാവശ്യം രണ്ടു വർഷത്തിൽ കവിയാതെയുള്ള ഒരു കാലയളവിലേക്ക്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(3) (3)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(3എ) നെൽവയലിന്റെ അനുഭവക്കാരൻ, 15-ാം വകുപ്പ് പ്രകാരമുള്ള നിർദ്ദേശത്തിനോ (1)-ാം ഉപവകുപ്പ് പ്രകാരം ആവശ്യപ്പെട്ടതിനോ, അനുമതിയോ മറുപടിയോ നൽകാത്തപക്ഷം, സമിതിക്ക്, നെൽവയലിന്റെ അനുഭവക്കാരനോട്, നെൽവയലിൽ സ്വയം കൃഷിചെയ്യുന്നതിനോ അല്ലെങ്കിൽ തന്റെ ഇഷ്ടാനുസരണം മറ്റ് ഏതെങ്കിലും ആൾ മുഖേന കൃഷി ചെയ്യിപ്പിക്കുന്നതിനോ, അല്ലെങ്കിൽ ബന്ധപ്പെട്ട പഞ്ചായത്ത് മുഖേന, പ്രസ്തുത നെൽവയൽ കൃഷിചെയ്യിപ്പിക്കുന്നതിനുള്ള അനുമതി നൽകുന്നതിനോ വീണ്ടും ആവശ്യപ്പെടാവുന്നതാണ്.

(3ബി) (3എ) വകുപ്പുപ്രകാരമുള്ള ഒരു കത്ത് ലഭിക്കുന്നതിൻമേൽ, നെൽവയലിന്റെ അനുഭവക്കാരൻ, അനുമതി നൽകിക്കൊണ്ടോ നിരസിച്ചു കൊണ്ടോ ഉള്ള, രേഖാമൂലമുള്ള ഒരു മറുപടി, അപ്രകാരമുള്ള കത്ത് ലഭിച്ച തീയതി മുതൽ പതിനഞ്ച് ദിവസങ്ങൾക്കകം നൽകേണ്ടതാണ്.

(3സി) നെൽവയലിന്റെ അനുഭവക്കാരൻ (3ബി) ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള കാലയളവിനുള്ളിൽ ഒരു മറുപടി നൽകാത്തിടത്ത്, നെൽവയലിന്റെ അനുഭവക്കാരൻ അനുമതി നൽകിയതായി കരുതപ്പെടുന്നതും (3എച്ച്) ഉപവകുപ്പിൻകീഴിൽ സമിതി, നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(3ഡി) നെൽവയലിന്റെ അനുഭവക്കാരൻ അനുമതി നൽകുന്നപക്ഷം, സമിതിക്ക്, (3)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തപ്രകാരം നടപടികൾ സ്വീകരിക്കാവുന്നതാണ്.

(3ഇ) നെൽവയലിന്റെ അനുഭവക്കാരൻ അനുമതി നിരസിക്കുന്നപക്ഷം, സമിതി, റവന്യൂ ഡിവിഷണൽ ഓഫീസർക്ക് വിഷയം റഫർ ചെയ്യേണ്ടതാണ്.

(3എഫ്) റവന്യു ഡിവിഷണൽ ഓഫീസർ, അപ്രകാരം റഫർ ചെയ്ത് ലഭിക്കുന്നതിൻമേൽ, ബന്ധപ്പെട്ട കക്ഷികളെ കേൾക്കേണ്ടതും, മുപ്പത് ദിവസങ്ങൾക്കുള്ളിൽ വിഷയം തീർപ്പാക്കേണ്ടതും, അപ്രകാരം വിഷയം തീരുമാനിക്കുമ്പോൾ, റവന്യു ഡിവിഷണൽ ഓഫീസർ, അപ്രകാരമുള്ള നെൽവയലിൽ കൃഷി ചെയ്യുന്നത്, ചേർന്ന് കിടക്കുന്ന നെൽവയലിൽ കൃഷി ചെയ്യുന്നതിനോ അല്ലെങ്കിൽ സംസ്ഥാനത്ത് നെൽക്കൃഷി വ്യാപിപ്പിക്കുന്നതിനോ അല്ലെങ്കിൽ അപ്രകാരമുള്ള മറ്റ് കാരണങ്ങളാലോ, ഒഴിച്ചുകൂടാനാവാത്തതാണോ എന്നത് പരിഗണിക്കേണ്ടതുമാണ്.

(3ജി) റവന്യു ഡിവിഷണൽ ഓഫീസറുടെ തീരുമാനം, ബന്ധപ്പെട്ട കക്ഷികളെ അതിന്റെ കാരണങ്ങൾ സഹിതം, അറിയിക്കേണ്ടതും അപ്രകാരമുള്ള നെൽവയലിൽ കൃഷി ചെയ്യുന്നതിനുള്ള അനുമതി നിരസിച്ചുകൊണ്ടോ നൽകിക്കൊണ്ടോ ഉള്ള ഉത്തരവിനെതിരെ, 1908-ലെ സിവിൽ നടപടി നിയമ സംഹിതയിലെ (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) 104, 107 എന്നീ വകുപ്പുകളും ഓർഡർ XLIII-ഉം ചേർത്തു വായിച്ച പ്രകാരം, അധികാരിതയുള്ള ജില്ലാ കോടതി മുമ്പാകെ, അപ്പീൽ ഫയൽ ചെയ്യാവുന്നതുമാണ്.

(3എച്ച്) റവന്യൂ ഡിവിഷണൽ ഓഫീസർ, (3എഫ്) ഉപവകുപ്പ് പ്രകാരം അനുമതി നൽകുന്നപക്ഷം, അല്ലെങ്കിൽ (3സി) ഉപവകുപ്പ് പ്രകാരമുള്ള കൽപ്പിത അനുമതിയുടെ സംഗതിയിൽ, സമിതിക്ക്, അതതുസംഗതിപോലെ, പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനെ രേഖാമൂലം അറിയിക്കാവുന്നതും, പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷന്, ലേലംവഴിയോ മറ്റുവിധത്തിലോ, പ്രസ്തുത നെൽവയൽ കൃഷി ചെയ്യുന്നതിനുള്ള അവകാശം, ഉത്തരവുവഴി, ഒരു പ്രാവശ്യം പരമാവധി രണ്ട് വർഷക്കാലയളവിലേക്ക് ഏൽപ്പിച്ചുകൊടുക്കാവുന്നതും (4)-ാം ഉപവകുപ്പ് പ്രകാരം അപ്രകാരം കൃഷി ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ നടത്താവുന്നതുമാണ്:

എന്നാൽ, (3എച്ച്) ഉപവകുപ്പ് പ്രകാരം അപ്രകാരം കൃഷിചെയ്യുവാൻ ഉത്തരവാകുന്നിടത്ത്, അപ്രകാരമുള്ള നെൽക്കൃഷിയിൽ നിന്നും ലഭിക്കുന്ന തുക, ഭൂമിയിൻമേലുള്ള നികുതി കുടിശ്ശികയിലേക്കും സർക്കാരിന് കിട്ടേണ്ട മറ്റുതുക ഏതെങ്കിലുമുണ്ടെങ്കിൽ, അതിലേക്കും, നെൽക്കൃഷി ചെയ്യുന്നതിനുണ്ടായ ചെലവിലേക്കും ആദ്യം തട്ടിക്കിഴിക്കേണ്ടതും, ശേഷിക്കുന്ന തുകയിലെ 10 ശതമാനം തുക (4)-ാം ഉപവകുപ്പ് പ്രകാരം നെൽക്കൃഷി ചെയ്യുവാൻ ഏൽപ്പിച്ചുകൊടുത്ത ഏജൻസിക്ക് നീക്കിവെക്കേണ്ടതും ശേഷിക്കുന്ന തുക, നെൽവയലിന്റെ അനുഭവക്കാരന് നൽകേണ്ടതുമാണ്:

എന്നുമാത്രമല്ല, നെൽക്കൃഷി സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികളിൽ ആർക്കെങ്കിലും നൽകേണ്ടതായ തുകയോ അല്ലെങ്കിൽ അപ്രകാരമുള്ള മറ്റേതെങ്കിലും കാര്യമോ സംബന്ധിച്ച് ഏതെങ്കിലും തർക്കമുണ്ടാകുന്നപക്ഷം, അധികാരിതയുള്ള സിവിൽ കോടതി ആയത് ന്യായനിർണ്ണയം നടത്തേണ്ടതും, നെൽക്കൃഷിയുടെ അനുഭവക്കാരൻ അയാളുടെ വിഹിതം സ്വീകരിക്കാത്ത പക്ഷം, നെൽക്കൃഷിയുടെ അനുഭവക്കാരനോ അല്ലെങ്കിൽ അയാളുടെ നിയമപരമായ അവകാശികളോ അവകാശവാദം ഉന്നയിക്കുന്നതുവരെ, പഞ്ചായത്തിന്റെ/മുനിസിപ്പാലിറ്റിയുടെ/കോർപ്പറേഷന്റെ സെക്രട്ടറി സൂക്ഷിച്ചു വരുന്ന സർക്കാർ അക്കൗണ്ടിൽ, അപ്രകാരമുള്ള വിഹിതം നിക്ഷേപിക്കേണ്ടതുമാണ്.

(3ഐ) അതതുസംഗതിപോലെ, നെൽവയലിന്റെ അനുഭവക്കാരനോ അയാളുടെ നിയമപരമായ അവകാശികളോ അവകാശവാദം ഉന്നയിക്കുമ്പോൾ, പഞ്ചായത്തിന്റെ/മുനിസിപ്പാലിറ്റിയുടെ/കോർപ്പറേഷന്റെ സെക്രട്ടറി, സിവിൽ കോടതിയുടെ വിധിന്യായത്തിനനുസൃതമായി, പണം നൽകേണ്ടതാണ്.

(3ജെ) നെൽവയലിന്റെ അനുഭവക്കാരൻ, ഏതെങ്കിലും ഏജൻസിയെ കൃഷി ചെയ്യുന്നതിനുള്ള അവകാശം ഏല്പിച്ചുകൊടുത്തതിനുശേഷം, ഏതെങ്കിലും സമയത്ത് അയാളുടെ ഭൂമിയിൽ, നെൽക്കൃഷി ചെയ്യുവാൻ സന്നദ്ധത പ്രകടിപ്പിക്കുന്നപക്ഷം, നെൽക്കൃഷിയുമായി ബന്ധപ്പെട്ട് നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ, ഏതെങ്കിലും ഉണ്ടെങ്കിൽ, അത് പൂർത്തിയാക്കിയതിനുശേഷം, പ്രസ്തുത നെൽവയൽ, നെൽവയലിന്റെ അനുഭവക്കാരന്, തിരികെ നൽകി എന്ന് സമിതി ഉറപ്പുവരുത്തേണ്ടതാണ്:

എന്നാൽ, നെൽക്കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നാണ് അവസാനിച്ചതെന്നോ എന്ന് അവസാനിക്കുമെന്നോ സംബന്ധിച്ച്, എന്തെങ്കിലും തർക്കമുണ്ടാകുന്നപക്ഷം, സമിതി, കൃഷി ഓഫീസറിൽ നിന്നും ഒരു റിപ്പോർട്ട് വാങ്ങേണ്ടതും, അപ്രകാരമുള്ള നെൽക്കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവസാനിക്കുന്ന തീയതി സംബന്ധിച്ച് തീരുമാനം എടുക്കേണ്ടതും അപ്രകാരമുള്ള തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.";

(4) (4)-ാം ഉപവകുപ്പിനുപകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) (3)-ാം ഉപവകുപ്പോ (3ഡി) ഉപവകുപ്പോ (3ജി) ഉപവകുപ്പോ പ്രകാരം, പഞ്ചായത്തിനെ/മുനിസിപ്പാലിറ്റിയെ/കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുള്ള നെൽവയൽ, അത് നേരിട്ട് കൃഷി ചെയ്യുന്നില്ലെങ്കിൽ, ബാധകമാകുന്നിടത്ത്,

(3)-ാം ഉപവകുപ്പ് പ്രകാരം, ഒപ്പിട്ട് പൂർത്തീകരിച്ച ഉടമ്പടിയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തവിധം, പ്രസ്തുത നെൽവയൽ കൃഷിചെയ്യുന്നതിനുള്ള അവകാശം, ഒരു സമയം പരമാവധി രണ്ട് വർഷക്കാലയളവിലേക്ക്, ലേലം ചെയ്തോ മറ്റുവിധത്തിലോ, ഏൽപ്പിച്ചുകൊടുക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതും അതിനുള്ള ക്രമീകരണം ചെയ്യാവുന്നതുമാണ്.

(5) (5)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5) (4)-ാം ഉപവകുപ്പ് പ്രകാരം, ലേലം വഴിയല്ലാതെ പ്രസ്തുത നെൽവയൽ കൃഷിചെയ്യുന്നതിനുള്ള അവകാശം ഏൽപ്പിച്ചുകൊടുക്കുമ്പോൾ താഴെപ്പറയുന്ന പ്രകാരം, ഏജൻസികളുടെ മുൻഗണനാക്രമം പാലിക്കേണ്ടതാണ്, അതായത്:—

(i) പാടശേഖര സമിതികൾക്ക് അഥവാ സംയുക്ത കർഷക സംഘങ്ങൾക്ക്;

(ii) സ്വയംസഹായ സംഘങ്ങൾക്ക്;

(iii) നെൽവയൽ സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷനിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക്;

(iv) മറ്റ് ഏതെങ്കിലും ആൾക്ക്:

എന്നാൽ, ഒരു ലേലം വഴി പ്രസ്തുത അവകാശം ഏൽപ്പിച്ചുകൊടുക്കുന്നിടത്ത്, മുകളിൽ വ്യക്തമാക്കിയ ഏജൻസികളിൽ ഏതെങ്കിലും ഒന്നിന് അപ്രകാരമുള്ള ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.".

(6) (6)-ാം ഉപവകുപ്പിൽ, "അവകാശം ലഭിക്കുന്ന ആൾ" എന്ന വാക്കുകൾക്കു പകരം, "അവകാശം ഏല്പിച്ചുകൊടുക്കപ്പെട്ട ഏജൻസി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(7) (7)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(7) (4)-ാം ഉപവകുപ്പ് പ്രകാരം, നെൽവയൽ കൃഷിചെയ്യുന്നതിനുള്ള അവകാശം ഏല്പിച്ചുകൊടുക്കപ്പെട്ട ഏജൻസി, പ്രസ്തുത നെൽവയൽ കൃഷിചെയ്യുന്നതിനുള്ള അനുമതി, നെൽവയലിന്റെ അനുഭവക്കാരൻ നൽകുമ്പോഴെല്ലാം, പ്രസ്തുത നെൽവയലിന്, കരാർ പ്രകാരമുള്ള പ്രതിഫലം, നെൽവയലിന്റെ അനുഭവക്കാരന് മുൻകൂറായി നൽകേണ്ടതും, ആ തുക കൃഷിചെയ്യുന്നതിനുവേണ്ടിവന്ന ചെലവിന്റെ ഭാഗമായിരിക്കുന്നതുമാണ്.".

(8) (8)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(9) (4)-ാം ഉപവകുപ്പ് പ്രകാരം ഒരു ഏജൻസിക്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ കൃഷിചെയ്യുവാൻ ഏൽപ്പിച്ചുകൊടുത്ത നെൽവയലിന്റെ അനുഭവക്കാരൻ, 1882-ലെ ഇന്ത്യൻ ഈസ്മെന്റ് ആക്റ്റിൽ (1882-ലെ V-ാം കേന്ദ്ര ആക്റ്റ്) വിഭാവനം ചെയ്യുന്ന ഒരു ലൈസൻസർ ആയി കരുതപ്പെടുന്നതും, അപ്രകാരമുള്ള കൃഷി ഏൽപ്പിച്ചുകൊടുക്കപ്പെട്ട ഏജൻസി, ഒരു ലൈസൻസി ആയി കരുതപ്പെടുന്നതും, പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകൾ, ആവശ്യമായ ഭേദഗതികളോടെ, നെൽവയലിന്റെ അനുഭവക്കാരനും കൃഷിചെയ്യാൻ ഏൽപ്പിച്ചുകൊടുക്കപ്പെട്ട ഏജൻസിയും തമ്മിലുള്ള തർക്കങ്ങൾക്ക് ബാധകമാകുന്നതുമാണ്:

എന്നാൽ, പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ, നെൽവയലിൽ കൃഷിചെയ്യുന്നതിനായി ക്രമീകരണംചെയ്ത കാലയളവിൽ, ലൈസൻസർ, ദാനം, വിൽപ്പന, പണയം അല്ലെങ്കിൽ മറ്റുവിധത്തിൽ, നെൽവയൽ കൈമാറ്റം ചെയ്യുന്നപക്ഷം, നെൽവയലിന്റെ പുതിയ അനുഭവക്കാരൻ ലൈസൻസർ ആയി കരുതപ്പെടുന്നതാണ്.

(10) (4)-ാം ഉപവകുപ്പുപ്രകാരം, നെൽവയലിലെ കൃഷി ഏൽപ്പിക്കപ്പെട്ട,—

(i) ഏജൻസിക്ക്, നെൽക്കൃഷി ചെയ്യുവാൻ ഏൽപ്പിക്കപ്പെട്ട കാലയളവിൽ, നെൽക്കൃഷി ചെയ്യുന്നതിന് പൂർണ്ണമായ അധികാരത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്;

(ii) ഏജൻസിക്ക്, വിള ഇൻഷുറൻസ്, ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ആശ്വാസസഹായം, കൃഷി ഏൽപ്പിച്ചുകൊടുക്കപ്പെട്ട കാലയളവിൽ, സംസ്ഥാന സർക്കാർ കർഷകർക്ക് നൽകിയിട്ടുള്ള മറ്റേതെങ്കിലും ആനുകൂല്യങ്ങൾ, സൗകര്യങ്ങൾ എന്നിവ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്;

(iii) ഏജൻസി, നെൽവയലിന് ഏതെങ്കിലും നാശനഷ്ടം വരുത്താൻ പാടില്ലാത്തതും, നാശനഷ്ടം, ഏതെങ്കിലും, വരുത്തിയിട്ടുണ്ടെങ്കിൽ നെൽവയലിന്റെ അനുഭവക്കാരന് ഏജൻസി ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്;

(iv) ഏജൻസി, നെൽക്കൃഷി ഏൽപ്പിക്കപ്പെട്ട കാലയളവിൽ, ഭൂമിയുടെ അതിരുകളോ സർവ്വേക്കല്ലുകളോ മാറ്റംവരുത്താൻ പാടുള്ളതല്ല;

(v) ഏജൻസി, നെൽവയലിൽ നിന്നും, മണലോ ഏതെങ്കിലും ധാതുക്കളോ ഖനനം ചെയ്യാൻ പാടുള്ളതല്ല;

(vi) ഏജൻസി, നെൽവയലിൽ, ഭൂവുടമസ്ഥന്റെ രേഖാമൂലമുള്ള അനുമതികൂടാതെ സ്ഥിരം നിർമ്മാണങ്ങളോ എടുപ്പുകളോ നിർമ്മിക്കുവാൻ പാടുള്ളതല്ല;

എന്നാൽ, സ്ഥിരം കെട്ടിടങ്ങളോ എടുപ്പുകളോ നിർമ്മിക്കുവാൻ നൽകുന്ന അനുമതി, പ്രസ്തുത ലൈസൻസിനെ റദ്ദാക്കാൻ പാടില്ലാത്ത ഒന്നാക്കി മാറ്റുന്നില്ല.

(11) നെൽക്കൃഷി ചെയ്യുവാനായി നെൽവയൽ, ഏജൻസിയെ ഏൽപ്പിച്ച കാലയളവ് അവസാനിക്കുന്നതിൻമേൽ, ലൈസൻസ് അവസാനിച്ചതായി കരുതപ്പെടുന്നതാണ്.

(12) പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ചെയ്യുന്ന കൃഷിയോ, (4)-ാം ഉപവകുപ്പ് പ്രകാരം, ലേലം ചെയ്തോ ഏൽപ്പിച്ചുകൊടുത്ത ഏജൻസി മുഖാന്തിരം ചെയ്യുന്ന കൃഷിയോ, നെൽവയലിൽ നെൽക്കൃഷി ചെയ്യേണ്ടതാണെന്നുള്ള നിബന്ധനയ്ക്ക് വിധേയമായിരിക്കുന്നതും, അപ്രകാരം ചെയ്യുന്നതിൽ വീഴ്ചവരുത്തുന്നപക്ഷം, റവന്യൂ ഡിവിഷണൽ ഓഫീസർ, നെൽവയലിന്റെ അനുഭവക്കാരന്റെയോ സമിതിയുടെയോ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയുടെയോ അപേക്ഷയിൻമേലോ അല്ലെങ്കിൽ തനിക്ക് സ്വയം ബോധ്യമാകുമ്പോഴോ, പഞ്ചായത്തിനെയോ മുനിസിപ്പാലിറ്റിയെയോ കോർപ്പറേഷനെയോ അല്ലെങ്കിൽ കൃഷിചെയ്യാൻ ഏൽപ്പിക്കപ്പെട്ട ഏജൻസിയെയോ കൃഷി ചെയ്യാൻ ഏൽപ്പിക്കപ്പെട്ട കാലയളവ് തീരുന്നതിനുമുൻപായി സമ്മറിയായി ഒഴിപ്പിക്കേണ്ടതും, അതതുസംഗതിപോലെ, അപ്രകാരം കൃഷി ചെയ്യുവാൻ വീഴ്ചവരുത്തിയതുമൂലം ഉണ്ടാകുന്ന ഏതെങ്കിലും നഷ്ടത്തിന്, പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അല്ലെങ്കിൽ ഏജൻസി ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്:

എന്നാൽ, അപ്രകാരം ഒഴിപ്പിക്കുന്നതിന് മുൻപായി, കൃഷി ചെയ്യുവാൻ ഏൽപ്പിക്കപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അല്ലെങ്കിൽ ഏജൻസി എന്നിവർക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകേണ്ടതാണ്.".

12. <u>19-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 19-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "മറ്റ് വാഹനസൗകര്യമോ" എന്ന വാക്കുകൾക്ക് ശേഷം, "നെൽവയലിൽ നിന്നോ തണ്ണീർത്തടത്തിൽ നിന്നോ നീക്കംചെയ്യപ്പെട്ട ഏതെങ്കിലും കളിമണ്ണ്, മണൽ, മണ്ണ് മുതലായവയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

13. 20-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 20-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ,—

(i) "കളക്ടർ" എന്ന വാക്കിനു പകരം "ജില്ലാകളക്ടർ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) ക്ലിപ്ത നിബന്ധനയ്ക്കു ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല, ജില്ലാകളക്ടർക്ക് പിടിച്ചെടുത്ത കളിമണ്ണ്, മണൽ, മണ്ണ് മുതലായവ കയ്യൊഴിക്കുന്നതിന്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ ഏതൊരു നടപടിയും സ്വീകരിക്കാവുന്നതും അപ്രകാരം ലഭിച്ച തുക ഫണ്ടിലേക്ക് അടപ്പിക്കേണ്ടതുമാണ്.".

14. 23-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 23-ാം വകുപ്പിൽ "രണ്ട് വർഷം" എന്ന വാക്കുകൾക്ക് പകരം "മൂന്ന് വർഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

15. 25-ാം വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 25-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

16. 27എ മുതൽ 27ഡി വരെയുള്ള പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 27-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"27എ. വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവവ്യതിയാനം.—(1) വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ ഏതെങ്കിലും ഉടമസ്ഥൻ, അപ്രകാരമുള്ള ഭൂമി, വീടുവയ്ക്കുന്നതിനുള്ള ആവശ്യത്തിനോ വാണിജ്യ ആവശ്യങ്ങൾക്കോ മറ്റ് ആവശ്യങ്ങൾക്കോ ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്ന പക്ഷം, അയാൾ, റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ, അനുമതിക്കായി അപേക്ഷ നൽകേണ്ടതാണ്.

(2) ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ മറ്റ് അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, അപ്രകാരം ലഭിക്കുന്ന അപേക്ഷകളിന്മേൽ റവന്യൂ ഡിവിഷണൽ ഓഫീസർക്ക്, ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് പരിഗണിച്ചതിനുശേഷം, ആവശ്യമെന്ന് കരുതുന്ന ജലസംരക്ഷണ നടപടികളിലൂടെ, സമീപത്തെ നെൽവയൽ, ഏതെങ്കിലും ഉണ്ടെങ്കിൽ, അതിലേക്കുള്ള സുഗമമായ നീരൊഴുക്കിനെ തടസ്സപ്പെടുത്തുന്നില്ല

എന്ന് ഉറപ്പുവരുത്തിക്കൊണ്ട്, യുക്തമെന്നും ശരിയായതെന്നും കരുതുന്ന പ്രകാരമുള്ള ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതാണ്:

എന്നാൽ, അപേക്ഷ അനുവദിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം 20.2 ആറിൽ അധികരിക്കുന്നപക്ഷം, അപ്രകാരമുള്ള ഭൂമിയുടെ വിസ്തീർണ്ണത്തിന്റെ പത്ത് ശതമാനം ജലസംരക്ഷണ നടപടികൾക്കായി മാറ്റിവെയ്ക്കേണ്ടതാണ്.

(3) അപേക്ഷ അനുവദിക്കുന്നപക്ഷം, റവന്യൂരേഖകളിൽ മാറ്റം വരുത്തുന്നതിനായി, അപ്രകാരമുള്ള ഭൂമിയുടെ ന്യായവിലയുടെ അമ്പത് ശതമാനം നിരക്കിൽ, ഒരു ഫീസ് നൽകാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(4) അപേക്ഷ അനുവദിക്കുന്നപക്ഷം, റവന്യൂ ഡിവിഷണൽ ഓഫീസർ, വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ രൂപാന്തരപ്പെടുത്തൽ, ചേർന്ന് കിടക്കുന്ന ഭൂമിയിലെ നെൽക്കൃഷിയെയോ മറ്റ് ഏതെങ്കിലും വിളകളുടെ കൃഷിയെയോ, ഏതെങ്കിലും ഉണ്ടെങ്കിൽ, അവയെ ദോഷകരമായി ബാധിക്കുകയില്ല എന്ന് ഉറപ്പുവരുത്തേണ്ടതും, പ്രസ്തുത കൃഷി ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പ്രകാരമുള്ള ജലസംരക്ഷണ നടപടികൾ വ്യക്തമാക്കേണ്ടതുമാണ്:

എന്നാൽ, അപ്രകാരമുള്ള ജലസംരക്ഷണ നടപടികൾ വ്യക്തമാക്കുമ്പോൾ, റവന്യൂ ഡിവിഷണൽ ഓഫീസർക്ക്, അദ്ദേഹം യുക്തമെന്നു കരുതുന്നുവെങ്കിൽ, സർക്കാർ ഏജൻസികൾ സൂക്ഷിക്കുന്ന, പ്രദേശത്തിന്റെ ഉപഗ്രഹ ചിത്രങ്ങൾ പരിശോധിക്കാവുന്നതാണ്.

(5) വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി പരിവർത്തനപ്പെടുത്തുന്നതോ പരിവർത്തനപ്പെടുത്താൻ ശ്രമിക്കുന്നതോ, ഉപയോഗിക്കുന്നതോ ഉപയോഗിക്കാൻ ശ്രമിക്കുന്നതോ, നെൽക്കൃഷിക്ക് വേണ്ടിയാണെങ്കിൽ ഈ വകുപ്പ് പ്രകാരമുള്ള യാതൊരു അനുമതിയും ആവശ്യമില്ലാത്തതാകുന്നു.

(6) പരമാവധി 4.04 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ സ്ഥിതിചെയ്യുന്ന 120 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള ഒരു വീട് നിർമ്മിക്കുന്നതിനും അല്ലെങ്കിൽ പരമാവധി 2.02 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ സ്ഥിതിചെയ്യുന്ന 40 ചതുരശ്രമീറ്റർ വിസ്തീർണ്ണത്തിലുള്ള ഒരു വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനും ഈ വകുപ്പ് പ്രകാരമുള്ള യാതൊരു അനുമതിയും ആവശ്യമില്ലാത്തതുമാകുന്നു:

എന്നാൽ, ഈ ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള 'വീട്' എന്നതിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ പാർപ്പിട സമുച്ചയങ്ങളോ സമുച്ചയങ്ങളോ ഫ്ളാറ്റുകളോ ബഹുനില പാർപ്പിട സമുച്ചയങ്ങളോ ഉൾപ്പെടുന്നതല്ല:

എന്നുമാത്രമല്ല, ഈ ഒഴിവാക്കൽ ഒരിക്കൽ മാത്രമേ അനുവദിക്കുവാൻ പാടുള്ളൂ.

(7) (6)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒഴിവാക്കൽ, ഈ ഓർഡിനൻസിന്റെ പ്രാബല്യ തീയതിയിലുള്ള, വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ ഉടമസ്ഥർക്കുമാത്രം ബാധകമായിരിക്കുന്നതാണ്:

എന്നാൽ, (6)-ാം ഉപവകുപ്പിൻകീഴിൽ ഒഴിവാക്കൽ അനുവദിക്കപ്പെട്ട താമസാവശ്യത്തിനുള്ള കെട്ടിടത്തിന്റെയോ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടത്തിന്റെയോ വിസ്തീർണ്ണം, പിന്നീട് പുതിയ നിർമ്മാണങ്ങൾവഴി വർദ്ധിപ്പിച്ചിട്ടുള്ളപക്ഷം, (6)-ാം ഉപവകുപ്പിൻകീഴിലുള്ള ഒഴിവാക്കലിന് പ്രാബല്യമില്ലാതായിത്തീരുന്നതും, പുതിയ നിർമ്മാണങ്ങൾ കണ്ടുപിടിക്കപ്പെട്ട തീയതിയിൽ, ഭൂമിയുടെ ഉടമസ്ഥൻ ആയിരിക്കുന്ന ആൾ (3)-ാം ഉപവകുപ്പ് പ്രകാരമുള്ള ഫീസ് നല്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

(8) ഏതെങ്കിലും പൊതു ആവശ്യത്തിലേക്കായി വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ പരിവർത്തനപ്പെടുത്തൽ ആവശ്യമാകുന്നിടത്ത്, റവന്യൂ ഡിവിഷണൽ ഓഫീസർ, സമീപത്തെ നെൽവയൽ, ഏതെങ്കിലുമുണ്ടെങ്കിൽ, അതിലേക്കുള്ള സുഗമമായ നീരൊഴുക്കിനെ തടസ്സപ്പെടുത്തുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ വിശദീകരിച്ചുകൊണ്ട് സർക്കാരിന് ഒരു റിപ്പോർട്ട് നൽകേണ്ടതും ഇത് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ജലസംരക്ഷണ നടപടികൾ നിർദ്ദേശിക്കേണ്ടതുമാണ്.

(9) സർക്കാരിന്, (8)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു റിപ്പോർട്ട് ലഭിക്കുന്നതിന്മേൽ, പൊതു ആവശ്യത്തിലേക്കായി, വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി രൂപാന്തരപ്പെടുത്തുന്നതിനുള്ള, അനുമതി നൽകാവുന്നതാണ്:

എന്നാൽ, അപ്രകാരമുള്ള അനുമതി നൽകുന്നിടത്ത്, സർക്കാരിന് റവന്യൂ ഡിവിഷണൽ ഓഫീസറുടെ ശുപാർശകളിന്മേൽ ആവശ്യമെന്നു തോന്നുന്ന ഭേദഗതികൾ വരുത്താവുന്നതാണ്:

എന്നുമാത്രമല്ല, അപേക്ഷ അനുവദിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം 20.2 ആറിൽ കൂടുതലാകുന്നിടത്ത്, ജലസംരക്ഷണ നടപടികൾക്കായി അപ്രകാരമുള്ള ഭൂമിയുടെ പത്ത് ശതമാനം നീക്കിവയ്ക്കേണ്ടതാണ്.

(10) (2), (9) എന്നീ ഉപവകുപ്പുകൾ പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ, അനുമതി നല്കപ്പെട്ട ഭൂമിയുടെ സർവ്വേ നമ്പരും ഓരോ സർവ്വേ നമ്പരിലുമുള്ള ഭൂമിയുടെ വിസ്തീർണ്ണവും, അപേക്ഷകൻ ജലസംരക്ഷണ നടപടികൾ സ്വീകരിക്കേണ്ട ഭൂമിയുടെ സർവ്വേ നമ്പരും വിസ്തീർണ്ണവും വ്യക്തമായി സൂചിപ്പിക്കേണ്ടതും, മേൽപ്പറഞ്ഞ വിശദാംശങ്ങൾ സൂചിപ്പിച്ചു കൊണ്ട് അപ്രകാരമുള്ള ഭൂമിയുടെ ഒരു സ്കെച്ച് ഉത്തരവിനോടൊപ്പം ഉണ്ടായിരിക്കേണ്ടതുമാണ്.

(11) റവന്യൂ ഡിവിഷണൽ ഓഫീസർക്ക്, സ്വമേധയായോ സങ്കടമനുഭവിക്കുന്ന കക്ഷിയുടെ അപേക്ഷയിൻമേലോ, (2)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഏതൊരു ഉത്തരവും, പ്രസ്തുത ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള ഉപാധികൾ അപേക്ഷകൻ പൂർണ്ണമായോ ഭാഗികമായോ പാലിക്കാതിരിക്കുന്നപക്ഷം, റദ്ദാക്കാവുന്നതാണ്.

(12) (11)-ാം ഉപവകുപ്പ് പ്രകാരമുള്ള യാതൊരു റദ്ദാക്കൽ ഉത്തരവും, ഈ വിഷയത്തിൽ അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയിട്ടല്ലാതെ, റവന്യൂ ഡിവിഷണൽ ഓഫീസർ പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

27ബി. അപ്പീൽ.—(1) 27എ വകുപ്പ്, (2)-ാം ഉപവകുപ്പ് പ്രകാരമുള്ള റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഒരു ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും, പ്രസ്തുത ഉത്തരവ് ലഭിച്ച തീയതിമുതൽ മുപ്പത് ദിവസത്തിനകം ജില്ലാകളക്ടർക്ക് അപ്പീൽ നൽകാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം നൽകുന്ന ഓരോ അപ്പീലും, ഏത് ഉത്തരവിനെതിരെയാണോ അപ്പീൽ നൽകുന്നത്, പ്രസ്തുത ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും അയ്യായിരം രൂപ ഫീസ് സഹിതവും ആയിരിക്കേണ്ടതാണ്.

(3) ജില്ലാകളക്ടർക്ക്, അപ്പീൽ വാദിക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയതിനുശേഷം, അപ്പീൽ കഴിയുന്നത്രവേഗം തീർപ്പാക്കാവുന്നതാണ്.

(4) അപ്പീലിലുള്ള ഉത്തരവ് അന്തിമമായിരിക്കുന്നതും, അത് യാതൊരു സിവിൽ കോടതിയിലും ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.

27സി. <u>രേഖകളിൽ മാറ്റം വരുത്തൽ.</u>—(1) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ മറ്റേതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ആക്റ്റിലെ 8, 9, 10 അല്ലെങ്കിൽ 27എ വകുപ്പുകൾക്ക് കീഴിൽ ഒരു സർവ്വേ നമ്പരിന്റെയോ ഒരു സബ്ഡിവിഷന്റെയോ ഒരു ഭാഗം പരിവർത്തനപ്പെടുത്തുവാൻ അനുമതി നൽകുന്നിടത്ത്, അപ്രകാരം പരിവർത്തനപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ച ഭൂമിക്ക്, ഒരു പുതിയ സബ്ഡിവിഷൻ സൃഷ്ടിക്കേണ്ടതാണ്.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം, നെൽവയലോ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയോ യഥാവിധി പരിവർത്തനപ്പെടുത്തുന്നിടത്ത്, തഹസിൽദാർ, 1961-ലെ കേരള ഭൂനികുതി ആക്റ്റിന്റെ (1961-ലെ 13) 6എ വകുപ്പ് പ്രകാരം ഭൂനികുതി വീണ്ടും തിട്ടപ്പെടുത്തേണ്ടതും അപ്രകാരമുള്ള ഭൂമിയെ സംബന്ധിച്ച് റവന്യൂരേഖകളിൽ ആവശ്യമായ ഉൾക്കുറിപ്പുകൾ രേഖപ്പെടുത്തേണ്ടതുമാണ്.

(3) റവന്യൂ രേഖകളിൽ അപ്രകാരമുള്ള മാറ്റങ്ങൾ രേഖപ്പെടുത്തുന്നിടത്ത്, അനുമതി നൽകുന്ന അധികാരസ്ഥാനവും ഉത്തരവിന്റെ നമ്പരും തീയതിയും അനുമതി നൽകപ്പെട്ട ഭൂമിയുടെ സർവ്വേ നമ്പരും അനുമതി നൽകപ്പെട്ട ഓരോ സർവ്വേ നമ്പരിലുമുള്ള ഭൂമിയുടെ വിസ്തീർണ്ണവും പുതുക്കിയ ഭൂനികുതിയും, പഴയ ഉൾക്കുറിപ്പുകൾ വ്യക്തമാണെന്ന് ഉറപ്പുവരുത്തിക്കൊണ്ട്, വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പിന് അനുസൃതമായാണ് റവന്യൂ രേഖകളിൽ മാറ്റം വരുത്തിയിട്ടുള്ളത് എന്ന് ഉറപ്പുവരുത്തുന്നതിനായി, തഹസിൽദാർ, ആനുകാലികമായി പരിശോധന നടത്തേണ്ടതാണ്.

(5) (3)-ാം ഉപവകുപ്പിനനുസൃതമല്ലാതെ നെൽവയലിനെയോ തണ്ണീർത്തടത്തെയോ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയെയോ സംബന്ധിച്ചുള്ള റവന്യൂ രേഖകൾ പരിഷ്ക്കരിക്കുന്നതിനോ വ്യത്യാസം വരുത്തുന്നതിനോ മാറ്റം വരുത്തുന്നതിനോ യാതൊരു ശ്രമവും നടത്തുവാൻ പാടുള്ളതല്ല.

27ഡി. <u>വികസന ഫണ്ടിന്റെ രൂപീകരണം.</u>—(1) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, 'ഫണ്ട്' എന്ന് പരാമർശിക്കപ്പെടുന്ന ഒരു വികസന ഫണ്ട് രൂപീകരിക്കേണ്ടതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ സമാഹരിക്കുന്ന എല്ലാ തുകയും ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

(3) ഫണ്ട്,—

(i) സംസ്ഥാനത്ത് വികസന പദ്ധതികൾ ഏറ്റെടുക്കുക;

(ii) നെൽവയലോ തണ്ണീർത്തടമോ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയോ പൂർവ്വസ്ഥിതിയിലാക്കുക;

(iii) (4)-ാം ഉപവകുപ്പ് പ്രകാരം അക്കൗണ്ടുകൾ ആഡിറ്റ് ചെയ്യുക;

(iv) ഈ ആക്റ്റിന്റെ മറ്റ് ഏതെങ്കിലും ആവശ്യങ്ങൾക്കായി കളക്ടർക്ക് ഉണ്ടാകാവുന്ന ചെലവ് നിർവ്വഹിക്കുക;

(v) പൊതുതാത്പര്യാർത്ഥം സർക്കാർ ഉത്തരവാകാവുന്ന മറ്റ് ഏതെങ്കിലും ചെലവുകൾ നിർവ്വഹിക്കുക,

എന്നിവയ്ക്ക് ആവശ്യമായ ചെലവുകൾക്കുവേണ്ടി വിനിയോഗിക്കേണ്ടതാണ്.

(4) ഫണ്ടിന്റെ നടത്തിപ്പ് സർക്കാർ നിയോഗിക്കുന്ന ഒരു സംസ്ഥാന തല ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കുന്നതും, ഒരു ചാർട്ടേഡ് അക്കൗണ്ടന്റ് വാർഷികമായി ആഡിറ്റ് ചെയ്യേണ്ടതും, അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റിന്, ആയത് വിധേയമായിരിക്കുന്നതുമാണ്.

(5) ഫണ്ടിന്റെ സ്വരൂപിക്കലും കൈകാര്യം ചെയ്യലും വിനിയോഗിക്കലും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.".

17. റദ്ദാക്കലും ഒഴിവാക്കലും.—(1) 2017-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് (2017-ലെ 41) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

പി. സദാശിവം,
*ഗവർണ്ണർ.*

# GOVERNMENT OF KERALA

## Law (Legislation-B) Department

## NOTIFICATION

No. 26798/Leg.B2/2017/Law.

*Dated, Thiruvananthapuram, 12th February, 2018*
*29th Makaram, 1193*
*23rd Magha, 1939.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in the English language of the Kerala Conservation of Paddy Land and Wetland (Amendment) Ordinance, 2018 (13 of 2018).

By order of the Governor,

B. G. Harindranath,
*Law Secretary.*

[Translation in English of the "2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ്" published under the authority of the Governor.]

**ORDINANCE No. 13 OF 2018**

# THE KERALA CONSERVATION OF PADDY LAND AND WETLAND (AMENDMENT) ORDINANCE, 2018

Promulgated by the Governor of Kerala in the Sixty-ninth Year of the Republic of India.

*AN*

*ORDINANCE*

*further to amend the Kerala Conservation of Paddy Land and Wetland Act, 2008.*

*Preamble.*—WHEREAS, the Kerala Conservation of Paddy Land and Wetland (Amendment) Ordinance, 2017 (41 of 2017) was promulgated by the Governor of Kerala on the 30th day of December, 2017;

AND WHEREAS, a Bill to replace the said Ordinance by an Act of the State Legislature could not be introduced in, and passed by, the Legislative Assembly of the State of Kerala, during its session which commenced on the 22nd day of January, 2018 and ended on the 7th day of February, 2018;

AND WHEREAS, under sub-clause (a) of clause (2) of Article 213 of the Constitution of India, the said Ordinance will cease to operate on the 5th day of March, 2018;

AND WHEREAS, difficulties will arise if the provisions of the said Ordinance are not kept alive;

AND WHEREAS, the Legislative Assembly of the State of Kerala is not in session, and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the Kerala Conservation of Paddy Land and Wetland (Amendment) Ordinance, 2018.

(2) It shall be deemed to have come into force on the 30th day of December, 2017.

2. *Act 28 of 2008 to be temporarily amended.*—During the period of operation of this Ordinance, the Kerala Conservation of Paddy Land and Wetland Act, 2008 (28 of 2008) (hereinafter referred to as the principal Act) shall have effect subject to the amendments specified in sections 3 to 16.

3. *Amendment of section 2.*—In section 2 of the principal Act,—

(i) clause (i) shall be renumbered as clause (iA) and before clause (iA) as so renumbered, the following clause shall be inserted, namely:—

"(i) "Change of nature of unnotified land" means such act or series of acts whereby the nature of an unnotified land is changed or has been changed irreversibly and in such a manner that it cannot be reverted back to the original condition by ordinary means;";

(ii) in clause (vi), after the words "paddy land", the words "or unnotified land" may be inserted;

(iii) after clause (vi), the following clause shall be inserted, namely:—

"(viA) "Fair value" means the fair value of the land fixed under section 28A of the Kerala Stamp Act, 1959 (17 of 1959) or where the fair value of the land has not been fixed, the fair value of the land fixed for similar and similarly situated land;

(viB) "Fund" means the Development Fund constituted under Section 27D;";

(iv) in clause (xiv), for the words "for the schemes" the words "for the schemes and projects" shall be substituted and for the words "statutory bodies and other schemes" the words "statutory bodies or other schemes and projects" shall be substituted;

(v) after clause (xvii), the following clauses shall be inserted, namely:—

"(xviiA) "unnotified land" means the lands within the area of jurisdiction of the Committee which have been included as paddy land or wetland in the basic tax register maintained in Village Offices, but are not notified as paddy land or wetland under sub-section (4) of section 5;

(xviiB) "water conservancy measures" means and includes covered or uncovered rain water harvesting structures, surface or underground, including tanks, reservoirs, pits, trenches, ponds or any other structure suitable for collection of rain water or water flowing through paddy land or unnotified land without causing hindrance to the free flow of water to neighbouring paddy lands and drainage channels;".

*4. Amendment of section 5.*—In section 5 of the principal Act,—

(1) in sub-section (3), for item (i), the following items shall be substituted, namely:—

"(i) subject to the provisions of this Act, to recommend to the District Level Authorised Committee for the reclamation of paddy land, for construction of residential building for the owner of the paddy land:

Provided that the Committee shall not recommend for filling of paddy land of more than ten cents in a Panchayat or five cents in a Municipality/Corporation, as the case may be, for the construction of residential building for the owner of the paddy land;

(iA) subject to the provisions of this Act, to report to the State Level Committee for the reclamation of paddy lands for public purpose, within one month from the date of receipt of the application:

Provided that the report shall contain the effect of such reclamation on the cultivation in adjoining paddy lands, the measures to be adopted to ensure free flow of water to the adjoining paddy lands, if any, and suitable water conservancy measures to be adopted, wherever necessary, and the area where such measures are to be adopted by the applicant;

(iB) the Committee shall not recommend or report under item (i) and (iA) of sub-section (3) unless the application is accompanied by a sketch of the land proposed to be reclaimed, duly prepared by a qualified surveyor or Village Officer, indicating the extent of land in each survey number for which sanction for filling up the paddy land has been sought;";

(2) in sub-section (4), item (iv) shall be omitted.

5. *Amendment of section 8.*—In section 8 of the principal Act, for sub-section (3), the following sub-sections shall be substituted, namely:—

"(3) The State Level Committee shall scrutinize each report from the Committee for filling up or reclamation of paddy land for public purpose and shall examine in detail the effect of such reclamation on the cultivation in the adjoining paddy lands, the measures to be adopted to ensure free flow of water to the adjoining paddy lands and submit a report to Government with recommendations on suitable water conservancy measures and the area where such measures are to be adopted by the applicant, within two months from the date of receipt of the report of the Committee.

(4) The order issued by the Government granting sanction for reclamation of paddy land, on receipt of the report of the State Level Committee, shall clearly indicate the survey number and the extent of land in each survey number for which sanction has been accorded, the survey number and the extent of land in which water conservancy measures are to be adopted by the applicant and a sketch of such land indicating the aforementioned details shall be appended to the order.".

6. *Amendment of section 9.*—In section 9 of the principal Act, after sub-section (8), the following sub-section shall be inserted, namely:—

"(9) The order issued by the District Level Authorised Committee under sub-section (5) or the District Collector under sub-section (7) shall clearly indicate the survey number and the extent of the land in each survey number for which sanction has been accorded and a sketch of such land indicating the aforementioned details shall be appended to the order.".

7. *Substitution of new section for section 10.*—In the principal Act, for section 10, the following section shall be substituted, namely:—

"10. *Power of Government to grant exemption.*—(1) Notwithstanding anything contained in section 3, the Government may grant exemption from the provisions of this Act, if such conversion or reclamation is essential for any public purpose and shall notify in the Official Gazette.

(2) Government may grant such exemption after considering the report of the State Level Committee, if in its opinion, such conversion or reclamation will not adversely affect the cultivation of paddy in the adjoining paddy lands, if any, and free flow of water thereto:

Provided that Government shall ensure suitable water conservancy measures, as required, are adopted by the applicant within the extent for which exemption is granted:

Provided also that, if the area of such parcel of land where the exemption is granted is more than 20.2 ares, ten per cent of such land shall be set apart for water conservancy measures.

(3) The decision of Government shall clearly indicate the survey number and the extent of land in each survey number for which exemption is granted, the survey number and the extent of land in which water conservancy measures are to be adopted by the applicant and a sketch of such land indicating the aforementioned details shall be appended to the order.

(4) Government may, in case of non-receipt of report from the State Level Committee within the time specified in sub-section (3) of

section 8, call for a report from such other authority as may be prescribed, and proceed to make an order in writing for grant or refusal of exemption.

(5) Government may either suo motu or on an application from any aggrieved party cancel any order issued under this section if the conditions specified in the order of exemption are not complied by the applicant, either fully or partially.

(6) No order of cancellation under sub-section (5) shall be made by the Government unless the applicant thereof has been given an opportunity of being heard in the matter.".

8. *Amendment of section 12.*—In section 12 of the principal Act, in sub-section (2), for clause (c), the following clause shall be substituted, namely:—

"(c) seize any vessel, vehicle or other conveyance or any implements used or purported to be used in contravention of the provisions of this Act or seize any clay, sand, earth etc. used for filling up or removed from the paddy land or wetland in contravention of the provisions of this Act and send a report to the Collector for initiating proceedings for their confiscation;".

9. *Amendment of section 13.*—In section 13 of the principal Act,—

(i) the existing provision shall be numbered as sub-section (1) of that section and in that sub-section, for the word "Collector" the words "District Collector" shall be substituted;

(ii) after sub-section (1) as so numbered, the following sub-section shall be inserted, namely:—

"(2) Where the decision is to restore the original position of paddy land or wetland, the District Collector may take any action in such manner, as may be prescribed, to dispose clay, sand, earth etc. removed from the paddy land or wetland in the process of such restoration and cause to remit the sums collected to the Fund.".

10. *Amendment of section 14.*—In section 14 of the principal Act, after the words "a wetland", the words "or an unnotified land" shall be inserted.

11. *Amendment of section 16.*—In section 16 of the principal Act,—

(1) for sub-section (2), the following sub-section shall be inserted, namely:—

"(2) On receipt of a letter under sub-section (1), the holder of paddy land shall give a reply in writing either granting or denying permission within fifteen days from the date of receipt of such letter.";

(2) in sub-section (3), for the words "get it cultivated for a fixed period", the words "get it cultivated for a period not exceeding two years at a time" shall be substituted;

(3) after sub-section (3), the following sub-sections shall be inserted, namely:—

"(3A) If the holder of the paddy land does not permit or does not reply to the direction under section 15 or to the request under sub-section (1), the Committee may again request the holder of the paddy land to cultivate it by himself or through any other person of his choice or to grant permission to cause to cultivate the said paddy land through the Panchayat concerned.

(3B) On receipt of a letter under sub-section (3A), the holder of paddy land shall give a reply in writing either granting or denying permission within fifteen days from the date of receipt of such letter.

(3C) If the holder of paddy land fails to give a reply in writing within the period specified in sub-section (3B), it shall be deemed that the holder of the paddy land has granted permission and the Committee shall proceed under sub-section (3H).

(3D) If the holder of the paddy land grants permission, the Committee may proceed as provided in sub-section (3).

(3E) If the holder of the paddy land denies permission, the Committee shall refer the matter to the Revenue Divisional Officer.

(3F) The Revenue Divisional Officer shall, on receipt of such reference, hear the parties concerned and dispose of the matter in thirty days and in so deciding the matter, the Revenue Divisional Officer shall take into consideration whether cultivation in such paddy land is indispensable for the cultivation of adjoining paddy land or for augmenting the paddy cultivation in the State or for such other reasons.

(3G) The decision of the Revenue Divisional Officer shall be communicated to the parties concerned with reasons thereof and the order, denying or granting permission to the Committee for cultivation in such paddy land, shall be appealable before the District Court having jurisdiction as provided in sections 104 and 107 read with Order XLIII of the Code of Civil Procedure, 1908 (Central Act 5 of 1908).

(3H) If the Revenue Divisional Officer grants permission under sub-section (3F) or in the case of a deemed permission under sub-section (3C), the Committee may inform the Panchayat/Municipality/Corporation, as the case may be, in writing and the Panchayat/Municipality/Corporation may, by an order, entrust the right to cultivate the said paddy land, by auction or otherwise, for a maximum period of two years at a time and make arrangement for such cultivation as per sub-section (4):

Provided that where such cultivation is ordered under sub-section (3H), out of the amount realized from such paddy cultivation, the revenue due on the land and other dues to Government, if any, and expenses of paddy cultivation shall be first adjusted and out of the balance, ten percent of the amount realized shall be defrayed for the agency entrusted with cultivation under sub-section (4) and the balance shall be paid to the holder of the paddy land:

Provided further that, if any dispute arises relating to the amount payable to any of the parties concerned in respect of cultivation, or such other matter, it shall be adjudicated by a Civil Court having jurisdiction and if the holder of the paddy land does not accept his share as provided, such share shall be deposited in a Government account maintained by the Secretary of the Panchayat/Municipality/Corporation, as the case may be, till such time a claim is made by the holder of the paddy land or his legal heirs.

(3I) Whenever a claim is made by the holder of the paddy land or his legal heirs, as the case may be, the Secretary of the Panchayat/ Municipality/Corporation shall, in compliance of the judgment of the Civil Court make payment.

(3J) If the holder of the paddy land expresses his willingness to cultivate paddy in his land, at any time after entrusting the right to cultivate to any agency, the Committee shall ensure that the paddy land is restored to the holder on completion of the cultivation operations in progress, if any:

Provided that, if any dispute arises regarding the date on which the cultivation process is completed or will be completed, the Committee shall obtain a report from the Agricultural Officer and shall decide the date of completion of such cultivation process and such decision shall be final.";

(4) for sub-section (4), the following sub-section shall be substituted, namely:—

"(4) If the Panchayat/Municipality/Corporation is not directly cultivating the paddy land entrusted to it under sub-section (3) or (3D) or (3G), it may make an order not inconsistent with the conditions of the agreement executed under sub-section (3), wherever applicable, entrusting the right to cultivate the said paddy land by auction or otherwise, for a maximum period of two years at a time and make arrangement for the same.";

(5) for sub-section (5), the following sub-section shall be substituted, namely:—

"(5) While entrusting the right to cultivate the said paddy land under sub-section (4), otherwise than by auction, the following order of priority of agencies shall be followed, namely:—

(i) Padasekhara Samithis or Joint Farmers Societies;

(ii) Self Help Groups;

(iii) the Kudumbasree Units functioning in the Village Panchayat/Municipality/Corporation where the paddy land is situated;

(iv) any other person: